# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:23.07.2026**

## പ്രധാനവാർത്തകൾ

1. രാജ്യത്തെ യുവജനങ്ങളുടെ ഭാവിയ്ക്കും ക്ഷേമത്തിനുമാണ് സർക്കാർ പ്രാധ്യാന്യം നൽകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; ചോദ്യപ്പേപ്പർ ചോർച്ചയിൽ ഉൾപ്പെട്ടവർക്ക് കർശന ശിക്ഷ ഉറപ്പാക്കാൻ അതിവേഗ കോടതികൾ സ്ഥാപിക്കാനും നിർദ്ദേശം.
2. നീറ്റ് വിഷയത്തിൽ വിശദമായ ചർച്ചയ്ക്ക് സർക്കാർ പൂർണ്ണസജ്ജമന്ന് രാജ്യസഭയിൽ കേന്ദ്ര മന്ത്രി കിരൺ റിജിജു; പാർലമെന്റിന്റെ ഇരു സഭകളിലും ഇന്നും പ്രതിപക്ഷ ബഹളം.
3. സ്ത്രീകൾക്ക് സുരക്ഷിതമായ രാത്രികാല യാത്ര ഉറപ്പാക്കുന്നതിനായുള്ള കെ.എസ്.ആർ.ടി.സിയുടെ 'പിങ്ക് ബസ്' സർവീസിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കം.
4. വയനാട് കള്ളാടി തുരങ്കപാതയിലെ മണ്ണിടിച്ചിലുമായി ബന്ധപ്പെട്ട സമഗ്ര അന്വേഷണത്തിന് നിയോഗിച്ച വിദഗ്ധ സമിതി അല്പസമയത്തിനകം പ്രദേശം സന്ദർശിക്കും.
5. സിക്കിമിൽ തുരങ്കം തകർന്നുണ്ടായ ദുരന്തത്തെക്കുറിച്ച് അന്വേഷണം നടത്താൻ ഉന്നതതല സമിതി

RNU TVPM

രൂപികരിച്ചു, മരണസംഖ്യ 22 ആയി. അപകടത്തിൽ കാണാതായ മലയാളിയുടെ മൃതദേഹം ഇന്ന് കണ്ടെടുത്തു.

6. 23-ാമത് കോമൺവെൽത്ത് ഗെയിംസിന് ഇന്ന് സ്കോട്ട്ലൻഡിലെ ഗ്ലാസ്ഗോയിൽ തുടക്കം; ഇന്ത്യ-സിംബാബ്‌വെ ട്വന്റി-20 പരമ്പരയിലെ ആദ്യ മത്സരം ഇന്ന് ഹരാരെയിൽ.

❋❋❋❋❋❋❋❋❋❋❋❋❋

## രാഷ്ട്രപതി-റൊമാനിയ

രണ്ട് ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് റൊമാനിയയിലെ ബുക്കാറെസ്റ്റിൽ എത്തും. റൊമാനിയൻ പ്രസിഡന്റ് നികുഷോർ ഡാനുമായി രാഷ്ട്രപതി പ്രതിനിധിതല ചർച്ചകൾ നടത്തും. നിരവധി ധാരണാപത്രങ്ങളിൽ ഇരു രാജ്യങ്ങളും ഒപ്പുവെക്കും. നാളെ, ഇന്ത്യ-റൊമാനിയ ബിസിനസ് ഫോറത്തെ അഭിസംബോധന ചെയ്യുന്ന രാഷ്ട്രപതി, അവിടെ ഇന്ത്യൻ സമൂഹവുമായി സംവദിക്കും. യൂറോപ്യൻ യൂണിയനിൽ ഇന്ത്യയുടെ സുപ്രധാന പങ്കാളിയാണ് റൊമാനിയ.

RNUTVPM

❋❋❋❋❋❋❋❋❋❋❋❋❋

## പ്രധാനമന്ത്രി- അതിവേഗ കോടതി

രാജ്യത്തെ യുവജനങ്ങളുടെ ഭാവിയ്ക്കും ക്ഷേമത്തിനുമാണ് സർക്കാർ പ്രാധാന്യം നൽകുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ചോദ്യപ്പേപ്പർ ചോർച്ചയിൽ ഉൾപ്പെടുന്നവർക്ക് അതിവേഗം തക്കതായ ശിക്ഷ ഉറപ്പാക്കാൻ സർക്കാർ അതിവേഗ കോടതികൾ സ്ഥാപിക്കുമെന്ന് സമൂഹമാധ്യമക്കുറിപ്പിൽ ശ്രീ മോദി വ്യക്തമാക്കി. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാരി കൾക്കും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയതായി പ്രധാനമന്ത്രി അറിയിച്ചു. യുവാക്കളുടെ ഭാവി തകർക്കാൻ ശ്രമിക്കുന്നവരെ വെറുതെ വിടില്ലെന്ന് അദ്ദേഹം വ്യക്തമാക്കി.

❋❋❋❋❋❋❋❋❋❋❋❋❋

## രാജ്യസഭ-കിരൺ റിജിജു (ഇൻട്രോ)

നീറ്റ് പരീക്ഷാ വിഷയത്തിൽ എൻ.ഡി.എ ഉൾപ്പെടെ എല്ലാ പാർട്ടികളും പാർലമെന്റിൽ ചർച്ച വേണമെന്ന് നിരന്തരം ആവശ്യപ്പെടുന്നുണ്ടെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു രാജ്യസഭയിൽ പറഞ്ഞു. നീറ്റ് പരീക്ഷ രാജ്യത്തിന് തന്നെ പ്രധാനപ്പെട്ട ഒരു വിഷയമാണ്, അത് രാഷ്ട്രീയവൽക്കരിക്കപ്പെടരുത്. വിഷയത്തിൽ വിശദമായ ചർച്ചയ്ക്ക് സർക്കാർ പൂർണ്ണസജ്ജമാണെന്നും, വിദ്യാർത്ഥികളുടെയും രാജ്യത്തിന്റെയും നന്മ മുൻനിർത്തി പാർലമെന്റിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിന് പ്രതിപക്ഷം സഹകരിക്കണമെന്നും ശ്രീ റിജിജു അഭ്യർത്ഥിച്ചു.

(ഹോൾഡ്-വോയ്സ്)

കേന്ദ്ര വിദ്യാഭ്യാസ മന്ത്രി രാജി വെയ്ക്കാതെ ചർച്ച സാധ്യമല്ലെന്ന് പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെ ആവശ്യപ്പെട്ടു. കോൺഗ്രസ് ചർച്ചയിൽ നിന്ന് ഒളിച്ചോടുകയല്ലെന്ന് അദ്ദേഹം പറഞ്ഞു. ബഹളത്തെ തുടർന്ന് രാജ്യസഭ ഉച്ചയ്ക്ക് 12 മണി വരെ നിർത്തിവെക്കാൻ ചെയർമാൻ സി.പി. രാധാകൃഷ്ണൻ ഉത്തരവിട്ടു.

## പാർലമെൻറ്-പ്രതിപക്ഷ ബഹളം

നീറ്റ് ചോദ്യപ്പേപ്പർ ചോർച്ച കേസ് ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും നിർത്തിവെച്ചു. രാവിലെ 11 മണിക്ക് ലോക്സഭ ചേർന്നപ്പോൾ ചോദ്യോത്തര വേളയിലേക്ക് കടക്കാൻ സ്പീക്കർ ഓം ബിർള ശ്രമിച്ചെങ്കിലും പ്രതിപക്ഷാംഗങ്ങൾ നീറ്റ് വിഷയവും വിദ്യാർത്ഥികളുടെ പ്രതിഷേധവും ഉയർത്തിക്കാട്ടുകയായിരുന്നു. ചോദ്യോത്തര വേളയിൽ മറ്റ് വിഷയങ്ങളൊന്നും സംസാരിക്കാൻ അനുവദിക്കില്ലെന്ന് സ്പീക്കർ വ്യക്തമാക്കി. സഭാനടപടികളോട് സഹകരിക്കണമെന്ന് സ്പീക്കർ അഭ്യർത്ഥിച്ചെങ്കിലും പ്രതിപക്ഷം പ്രതിഷേധം തുടർന്നു. ഈ സാഹചര്യത്തിൽ പാർലമെൻറിൻറെ ഇരു സഭകളും ഉച്ചയ്ക്ക് രണ്ടു വരെ നിർത്തിവച്ചു.

## രാജ്യസഭ-പ്രകൃതി ദുരന്തം

RNUTVPM

കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ പ്രകൃതിദുരന്തങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവർക്കുള്ള ആദര സൂചകമായി രാജ്യസഭയിൽ മൗനമാചരിച്ചു. വിവിധ പ്രദേശങ്ങളിൽ പ്രകൃതിദുരന്തങ്ങളെ തുടർന്നുണ്ടായ ജീവഹാനി യിൽ രാജ്യസഭാ അധ്യക്ഷൻ സി പി രാധാകൃഷ്ണൻ തീവ്രമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

## പിങ്ക് ബസ്

സ്ത്രീകൾക്ക് സുരക്ഷിതമായ രാത്രികാല യാത്ര ഉറപ്പാക്കുന്നതിനായി കെ.എസ്.ആർ.ടി.സി പരീക്ഷണാടിസ്ഥാനത്തിൽ 'പിങ്ക് ബസ്' സർവീസു കൾ ഇന്ന് മുതൽ ആരംഭിക്കും. തിരുവനന്തപുരം സെൻട്രൽ ഡിപ്പോ യിൽ ഉച്ചയ്ക്ക് ഒരു മണിക്ക് ഗതാഗത മന്ത്രി സി.പി ജോൺ പദ്ധതിയുടെ ഉദ്ഘാടനം നിർവഹിക്കും. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരത്തിൽ ടെക്നോപാർക്ക് റൂട്ടിലാവും പിങ്ക് ബസ് സർവീസ് നടത്തുക.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## വയനാട് (ഇൻട്രോ)

വയനാട് കള്ളാടിയിലെ തുരങ്ക പാത നിർമ്മാണ പ്രദേശത്ത് മണ്ണിടി ച്ചിലുമായി ബന്ധപ്പെട്ട സമഗ്ര അന്വേഷണത്തിന് സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി അല്പ സമയത്തിനകം സ്ഥലം സന്ദർശിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻറ്**

**(വോയ്സ്)**

❁❁❁❁❁❁❁❁❁❁❁❁❁

## പി എസ് പ്രശാന്ത്

ശബരിമല സ്വർണ്ണ അപഹരണക്കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് പി എസ് പ്രശാന്തിനെ എസ് ഐ ടി കസ്റ്റഡി യിലെടുത്തു. ഇന്ന് രാവിലെ തിരുവനന്തപുരത്തെ വസതിയിൽ നിന്നാണ്

കസ്റ്റഡിയിൽ എടുത്തത്. ചോദ്യം ചെയ്യലിനായി പി എസ് പ്രശാന്തിനെ കൊല്ലത്തെ പോലീസ് ക്ലബ്ബിലെത്തിച്ചു. ഇതിനു ശേഷം അറസ്റ്റ് രേഖപ്പെടുത്തി കൊല്ലം വിജിലൻസ് കോടതിയിൽ ഹാജരാക്കിയേക്കും.

## ദേശീയ പ്രക്ഷേപണ ദിനം

ഇന്ന് ദേശീയ പ്രക്ഷേപണ ദിനം. 1927-ജൂലൈ 23 നാണ് ഇന്ത്യൻ ബ്രോഡ്കാസ്റ്റിംഗ് കമ്പനിയുടെ കീഴിൽ ബോംബെ സ്റ്റേഷനിൽ നിന്ന് രാജ്യത്തെ ആദ്യത്തെ റേഡിയോ പ്രക്ഷേപണം ആരംഭിച്ചത്. 1936 ജൂൺ 8-ന് ഇന്ത്യൻ സ്റ്റേറ്റ് ബ്രോഡ്കാസ്റ്റിംഗ് സർവീസ് 'ഓൾ ഇന്ത്യ റേഡിയോ' ആയി മാറി. രാജ്യത്തെ ജനങ്ങളെ ഒന്നിപ്പിക്കാനും വിവരങ്ങൾ അറിയിക്കാനും പഠിപ്പിക്കാനും വിനോദത്തിനുമായി പ്രക്ഷേപണം നൽകിയ ഒരു നൂറ്റാണ്ടോളമുള്ള സംഭാവനകളെയാണ് ഈ ദിവസം അനുസ്മരിക്കുന്നത്.

## കാസർഗോഡ് ഷിഗെല്ല (ഇൻട്രോ)

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മേഖലയിൽ ഷിഗെല്ല റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ജില്ലാ കളക്ടറുടെയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെയും നേതൃത്വത്തിൽ അവലോകനയോഗം ചേർന്നു.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി ജഗന്നിവാസൻ**

(വോയ്സ്)

## സിക്കിം - അന്വേഷണ സംഘം

സിക്കിമിലെ നാംചിയിൽ തുരങ്കം തകർന്നുണ്ടായ ദുരന്തത്തെക്കുറിച്ച് അന്വേഷണം നടത്താൻ ഉന്നതതല അന്വേഷണ സമിതി രൂപികരിച്ച് സിക്കിം സർക്കാർ. ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ നേതൃത്വത്തിലുള്ള നാലംഗ ഉന്നത സമിതി 15 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കണം. തുരങ്കത്തിനുള്ളിൽ നിന്ന് ഇതുവരെ 22 പേരുടെ മൃതദേഹങ്ങൾ

RNUTVPM

കണ്ടെടുത്തു. അകത്തു കുടുങ്ങിക്കിടക്കുന്നവരെ കണ്ടെത്തി പുറത്തെത്തിക്കുന്നതിനായി വിദഗ്ദ്ധ പരിശീലനം ലഭിച്ച സംഘങ്ങളുടെ നേതൃത്വത്തിൽ രക്ഷപ്രവർത്തനം നടത്തിവരികയാണ്.

## സിക്കിം - അപകടം

അതേസമയം തുരങ്കം തകർന്നുണ്ടായ അപകടത്തിൽ കാണാതായ മലയാളി ഉദ്യോഗസ്ഥന്റെ മൃതദേഹം കണ്ടെത്തി. കോട്ടയം പാമ്പാടി പത്താഴക്കുഴി സ്വദേശി അനീഷ് മോഹനന്റെ മൃതദേഹമാണ് ഇന്ന് പുലർച്ചെ രണ്ട് മണിയോടെ കണ്ടെടുത്തത്. നാഷനൽ ഹൈഡ്രോ പവർ കോർപറേഷനിൽ മാനേജരായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു അദ്ദേഹം.

## ശബരിമല (ഇൻട്രോ)

ശബരിമല ഉൾപ്പെടുന്ന പെരിയാർ ടൈഗർ റിസർവിലെ കാടുകളെ അറിഞ്ഞ് സെൻസസ് ജോലികൾ ചെയ്യുകയാണ് അധ്യാപകനായ കെ.എം സുബീഷ്. സംസ്ഥാനത്തു തന്നെ ഏറ്റവും വിശാലവും ദുർഘട മായതുമായ പ്രദേശത്തെ സെൻസസ് എന്യുമറേറ്റാണ് ഈ അധ്യാപകൻ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.**

(വോയ്സ്)

## മാധ്യമ ശിൽപ്പശാല

പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള പി ഐ ബി കൊച്ചി, കാസർഗോഡ് സംഘടിച്ച മാധ്യമ ശിൽപശാല ജില്ലാ കലക്ടർ അർജുൻ പാണ്ഡ്യൻ ഉദ്ഘാടനം ചെയ്തു. മാധ്യമ പ്രവർത്തകർ വാർത്തകളുടെ

RNU TVPM

നിജസ്ഥിതി തിരിച്ചറിഞ്ഞ് പ്രവർത്തിക്കണമെന്ന് കളക്ടർ പറഞ്ഞു. പി.ഐ.ബി അഡീഷണൽ ഡയരക്ടർ ജനറൽ വി. പളനി ച്ചാമി അധ്യക്ഷത വഹിച്ചു.

## കോമൺ വെൽത്ത് ഗെയിംസ്

23-ാമത് കോമൺവെൽത്ത് ഗെയിംസിന് ഇന്ന് സ്കോട്ട്ലൻഡിലെ ഗ്ലാസ്ഗോവിൽ തുടക്കമാകും. 10 ദിവസം നീണ്ടുനിൽക്കുന്ന കായിക മാമാങ്കത്തിൽ 74 രാജ്യങ്ങളിൽ നിന്നുള്ള ടീമുകൾ പങ്കെടുക്കും. ഒളിമ്പിക് മെഡൽ ജേതാക്കളായ നീരജ് ചോപ്ര, മീരാഭായ് ചാനു, ലവ്‌ലിന ബോർഗോഹെയ്ൻ എന്നിവരാണ് ഇന്ത്യയെ പ്രതിനിധീകരിക്കുന്നത്. 125 അംഗ ഇന്ത്യൻ സംഘമാണ് ഗെയിംസിൽ മത്സരിക്കുക.

## ക്രിക്കറ്റ്

പുരുഷ ക്രിക്കറ്റിൽ, ഇന്ത്യ- സിംബാബ്‌വെ ട്വന്റി-20 പരമ്പരയിലെ ആദ്യ മത്സരം ഇന്ന് ഹരാരെയിൽ നടക്കും. ഇന്ത്യൻ സമയം വൈകുന്നേരം 4:30-ന് മത്സരം ആരംഭിക്കും.

RNUTVPM